**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1114** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കേന്ദ്ര സർക്കാർ മത്സ്യതൊഴിലാളികൾക്കെതിരെ കടുത്ത നിലപാടുകൾ സ്വീകരിക്കുന്ന സാഹചര്യത്തിൽ അതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കോണമി കരട് നയം, കേന്ദ്ര സർക്കാരിൽ നിന്നും പൊതു വിതരണ ശൃംഖല വഴി ലഭ്യമാകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വെട്ടിക്കുറച്ചത് എന്നിവ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളാണ്. ബ്ലൂ ഇക്കണോമി കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായവും 20/09/2021 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. രാജ്യത്ത് നടപ്പിലാക്കുന്ന നീല സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള കരട് നയ ചട്ടക്കൂടിൽ പരാമർശിച്ചിട്ടുള്ള വിവിധ ശുപാർശകൾ പരിഗണിക്കുമ്പോൾ തീരപ്രദേശങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഏക ഉപജീവന മാർഗ്ഗമായ കടലും മത്സ്യബന്ധന വിഭവങ്ങളും അവയിൻമേലുള്ള അവകാശങ്ങളും സംരക്ഷിക്കുന്നുവെന്ന് അന്തിമ നയ ചട്ടക്കൂടിൽ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേന്ദ്ര സർക്കാരിൽ നിന്നും പൊതു വിതരണ ശൃംഖല വഴി ലഭ്യമാകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച അളവിൽ ലഭ്യമാക്കി മത്സ്യ ത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന എല്ലാ വിഷയങ്ങളിലും സർക്കാർ ഇടപെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി
6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75 % സബ്സിഡിയോടു കൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.
8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)
9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി.
10. ഓഖി പുനരധിവാസ പദ്ധതികൾ.
11. സ്വാന്തന തീരം പദ്ധതി.
12. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

    (a) മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.(b) മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.

    (c) വിവാഹ ധനസഹായ പദ്ധതി

    (d) പെൻഷൻ

    (e) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

    (f) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

    (g) എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

    (h) കുടുംബ സംവിധാന പദ്ധതി

    (i) മാരക രോഗ ചികിത്സ പദ്ധതി

    (j) ചെയർമാൻസ് റിലീഫ് ഫണ്ട്

    (k) ബോർഡിന്റെ പ്രത്യേക ധനസഹായം

    (l) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

(m) ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

(n) ബോധവൽകരണ പരിപാടി

(o) തണൽ പദ്ധതി

(p) അപകടം മൂലമുണ്ടാകുന്ന താൽകാലിക അവശതക്ക് ധനസഹായ പദ്ധതി

13. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

(a) എൻ.സി.ഡി.സി ധനസഹായത്തോട്ടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി.

(b) എൻ.ബി.സി.എഫ്.ഡി.സി / എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോട്ടു കൂടിയുള്ള പദ്ധതികൾ

(c) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

(d) വലകൾക്കുള്ള സബ്സിഡി പദ്ധതി

(e) മത്സ്യഫെഡ് ഉപകരണ സുരക്ഷ പദ്ധതി

(f) നാടൻ വള്ളങ്ങളുടെ നവീകരണം

(g) മത്സ്യത്തൊഴിലാളികൾക്കുള്ള ഉത്പാദന ബോണസ്

(h) മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ്

(i) ബ്ലൂ റവല്യൂഷൻ പദ്ധതി

(j) കോട്ടയം ജില്ലയിലെ എസ്.സി /എസ്.ടി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

(k) ഫിഷ് മാർട്ടുകൾ

(l) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

13. സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(a) ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

(b) JLG Project for ensuring livelihood security of fisherwomen in Kerala

(c) ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക്

(d) കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി

(e) തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്

(f) സ്നേഹതീരം പദ്ധതി

(g) മോഡൽ പീലിംഗ് യൂണിറ്റ്